# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3138 18/10/2016-ൽ മറുപടിക്ക്

### പൊട്ടി വീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണം

| | ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കാസർഗോഡ് ജില്ലയിലെ പാക്കം ചരൽ കടവിലെ പടിഞ്ഞാറ്റയിൽ സി. നാരായണൻ നായർ, പൊട്ടി വീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 31.08.2016-ൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ പെരിയ ബസാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ചരൽകടവ് എന്ന പ്രദേശത്ത് പൊട്ടിവീണ എൽ.റ്റി ലൈനിൽ നിന്നുള്ള വൈദ്യുതാഘാതമേറ്റ് നാരായണൻ നായരും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള 2 വളർത്തു പശുക്കളും മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | ടിയാന്റെ കുടുംബത്തിന് വൈദ്യുതി വകുപ്പ് എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കിൽ എത്രയും വേഗം സഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിന് ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനന്തരാവകാശികൾക്കും കൂടാതെ ജീവഹാനി സംഭവിച്ച 2 പശുക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ